**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 324** **23-08-2022 - ൽ മറുപടിയ്ക്ക്**

**മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ എന്തെങ്കിലും പുതിയ മാർഗ്ഗനിർദശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | കേന്ദ്രസർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ ഏറ്റവും പുതിയ മാർഗ്ഗനിർദ്ദേശം പ്രകാരം ആഗസ്റ്റ് 1, 2022 മുതൽ ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം 20 പ്രവൃത്തികൾ മാത്രമേ ഏറ്റെടുക്കാൻ സാധിക്കുകയുള്ളു. നിലവിൽ 20 പ്രവൃത്തികളുണ്ടെങ്കിൽ പുതുതായി ഒരു പ്രവൃത്തി ആരംഭിക്കുന്നതിനോ പുതിയ മസ്റ്റർ റോൾ ഇഷ്യൂ ചെയ്യുന്നതിനോ ബന്ധപ്പെട്ട ബ്ലോക്ക് പ്രോഗ്രാം ഓഫീസർ മുഖേന ജില്ലാ പ്രോഗ്രാം ഓഫീസറുടെ അനുമതി തേടേണ്ടത് ആവശ്യമാണ്. |
| (ബി) | തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിലും സാമൂഹ്യ ആസ്തികൾ ഉണ്ടാക്കുന്നതിലും എന്തൊക്കെ പ്രയാസങ്ങൾ ആണ് തദ്ദേശ സ്ഥാപനങ്ങൾക്ക് ഇതുവഴി നേരിടേണ്ടി വന്നിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിലെ പഞ്ചായത്തുകളെ അപേക്ഷിച്ച് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ജനസംഖ്യയിലും വിസ്തീർണത്തിലും വളരെ വലുതാണെന്ന് മാത്രമല്ല അവയിൽ നല്ലൊരു ശതമാനം ഇരുപതിലധികം വാർഡുകൾ ഉൾപ്പെടുന്നവയുമാണ്. ഗ്രാമപഞ്ചായത്തുകളിൽ ശരാശരി 2700-ന് മുകളിൽ സജീവ തൊഴിലാളികളുണ്ട്. ഇവരുടെ ആവശ്യപ്രകാരം തൊഴിൽ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ഇരുപതിലധികം പ്രവൃത്തികൾ ഒരേ സമയം ഏറ്റെടുക്കേണ്ടി വരും. എന്നാൽ ഒരേ സമയം 20 പ്രവൃത്തികൾക്ക് മുകളിൽ ഒരു പുതിയ പ്രവൃത്തി ആരംഭിക്കുന്നതിനോ പുതിയ മസ്റ്റർ റോൾ ഇഷ്യൂ ചെയ്യുന്നതിനോ ബന്ധപ്പെട്ട ജില്ലാ പ്രോഗ്രാം ഓഫീസറുടെ അനുമതി ആവശ്യമാണ് എന്ന പുതിയ നിർദ്ദേശം ഗ്രാമപഞ്ചായത്തുകൾക്ക് അനാവശ്യ തടസ്സങ്ങൾ സൃഷ്ടിക്കുന്നതാണ്. തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെടുകയും എന്നാൽ ഗ്രാമപഞ്ചായത്തുകൾക്ക് കൃത്യസമയത്ത് തൊഴിൽ നൽകാൻ സാധിക്കാതെയും വന്നാൽ തൊഴിലുറപ്പ് നിയമപ്രകാരം അൺഎംപ്ലോയ്മെന്റ് അലവൻസ് |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള സാഹചര്യവും ഉണ്ടാകാം. ആയതിനാൽ ടി മാർഗ്ഗനിർദ്ദേശം പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്രസർക്കാരിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ചീഫ് സെക്രട്ടറിയും കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ